# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2975 — 22.06.2012-ൽ മറുപടിക്ക്

## ഹൈടെക് ഫാമുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ഷാഫി പറമ്പിൽ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഹൈടെക് ഫാമുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉദ്ദേശിക്കുന്നുണ്ട്. 2012-2013-ലെ ബഡ്ജറ്റിൽ ഹൈടെക് ഫാമിംഗിനായി 45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിലുമുള്ള സഹകരണ ബാങ്കുകൾ, കർഷക സംഘങ്ങൾ, കർഷകർ എന്നിവർക്ക് 10 സെന്റ് തുറസ്സായ സ്ഥലത്ത് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനു വരുന്ന ചെലവിന്റെ 75% തുക (50% കേന്ദ്ര സർക്കാരും 25% കേരള സർക്കാരും) ധനസഹായമായി ലഭ്യമാക്കുന്നതാണ്. കൂടാതെ ഹൈടെക് ഫാമിംഗ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. പൊതുമേഖലയിൽ സ്ഥാപിക്കുന്ന ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾക്ക് 100% വും, സ്വകാര്യമേഖലയ്ക്ക് 75% വും ധനസഹായമാണ് നൽകുന്നത്. 2012-2013 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ 3 എന്ന തോതിൽ 978 പഞ്ചായത്തിൽ മൊത്തം 2934 ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പൊതുമേഖലയിൽ 21-ഉം സ്വകാര്യമേഖലയിൽ 63-ഉം പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| ബി) ഹൈടെക്ക് ഫാമുകളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; | ബി) പച്ചക്കറികളുടേയും പഴങ്ങളുടേയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുക, ഗുണനിലവാരവും വാണിജ്യാടിസ്ഥാനത്തിൽ ആവശ്യമുള്ളതുമായ പച്ചക്കറികളും, പഴങ്ങളും കൃഷി |

ചെയ്യുക. ഉൾനാടൻ ആവശ്യങ്ങൾ കഴിഞ്ഞ് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുക തുടങ്ങിയവയാണ് ഹൈടെക് ഫാമുകളുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ.

സി) എവിടെയൊക്കെയാണ് ഫാമുകൾ തുടങ്ങാനുദ്ദേശിക്കുന്നത്;

സി) ആദ്യ ഘട്ടമെന്ന നിലയിൽ പൊതുമേഖലയിൽ 21-ഉം കർഷകരുടെ പറമ്പുകളിൽ 63-ഉം പ്രദർശന യൂണിറ്റുകൾ തുടങ്ങാനുദ്ദേശിക്കുന്നു.

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഡി) സംസ്ഥാന വിഹിതം നേടുന്നതിനുവേണ്ടി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രവിഹിതത്തിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. ഹൈടെക് ഫാമിംഗിന്റെ ഔദ്യോഗിക ഉൽഘാടനം തിരുവനന്തപുരത്തെ ശാന്തിഗിരി ആശ്രമത്തിൽ വച്ച് 2012 ജൂൺ 6-ാം തീയതി ബഹു: മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും തയ്യാറാക്കി വരുന്നു. ഹൈടെക് ഫാമിംഗിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി പൊതു/സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളെ എം-പാനൽ ചെയ്യുവാനായി താൽപ്പര്യപ്രകടന പത്രിക (Expression of interest) ക്ഷണിക്കുകയും 2 എണ്ണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. അവ പരിശോധിച്ച് ഉടൻതന്നെ എം-പാനൽ ചെയ്യുന്നതാണ്. പൊതുമേഖലയിലും കർഷകരുടെ പറമ്പുകളിലും പ്രദർശന യൂണിറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓരോ ജില്ലയിലും 2 കൃഷി ഓഫീസർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ ഹൈടെക് ഫാമിംഗിന്റെ നടത്തിപ്പിനായി നിയോഗിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**